"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- അർബൻ-ജീവനക്കാര്യം-ശ്രീ.അനിൽകമാർ.ബി, ശ്രീ.അഭിലാഷ്.വി.പി-ഡെപ്യൂട്ടി ഡയറക്ടർമാരെ പരസ്പരം സ്ഥലംമാറ്റി -നിയമനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.976/2026/LSGD തീയതി,തിരുവനന്തപുരം, 08-05-2026

പരാമർശം:-
1. കേരള ചീഫ് ഇലക്ടറൽ ഓഫീസറുടെ 16.03.2026 തീയതിയിലെ EL1/57/2026-ELEC നമ്പർ കത്ത്
2. സ.ഉ(സാധാ)നം.784/2026/LSGD തീയതി 17.03.2026 സർക്കാർ ഉത്തരവ്.
3. സ.ഉ(സാധാ)നം.825/2026/LSGD തീയതി 26.03.2026 സർക്കാർ ഉത്തരവ്.

**ഉത്തരവ്**

ചീഫ് ഇലക്ടൽ ഓഫീസറുടെ പരാമർശം (1) നിർദ്ദേശ പ്രകാരം കോട്ടയം മുനിസിപ്പൽ സെക്രട്ടറി ശ്രീ.അനിൽകുമാർ.ബി, ഡെപ്യൂട്ടി ഡയറക്ടറെ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം സ്ഥലംമാറ്റുകയും, ടി തസ്തികയിൽ തിരുവനന്തപുരം MGNREGS സംസ്ഥാനമിഷൻ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.അഭിലാഷ്.വി.പി-യെ നിയമിക്കുകയും ചെയ്തിരുന്നു. തുടർന്ന് കോട്ടയം മുനിസിപ്പൽ സെക്രട്ടറി തസ്തികയിൽ നിന്ന് വിടുതൽ ചെയ്ത ശ്രീ.അനിൽകുമാർ.ബി, ഡെപ്യൂട്ടി ഡയറക്ടറെ MGNREGS സംസ്ഥാനമിഷൻ ഓഫീസിൽ നിലവിലുള്ള ഒഴിവിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് , ടി നിയമനം സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതുവരെ ഒരു താൽക്കാലിക ക്രമീകരണമായി നിലനിൽക്കുന്നതും മാതൃകാപെരുമാറ്റച്ചട്ടം പിൻവലിക്കുന്ന മുറയ്ക്ക് പുനക്രമീകരണം നടത്തുന്നതാണെന്ന് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ MGNREGS സംസ്ഥാനമിഷൻ ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അനിൽകുമാർ.ബി, ഡെപ്യൂട്ടി ഡയറക്ടറുടെ

അന്യത്രസേവനം അവസാനിപ്പിച്ച് കോട്ടയം മുനിസിപ്പൽ സെക്രട്ടറിയായി നിയമിച്ചുകൊണ്ടും കോട്ടയം മുനിസിപ്പൽ സെക്രട്ടറി തസ്തികയിലുള്ള ശ്രീ.അഭിലാഷ്.വി.പി, ഡെപ്യൂട്ടി ഡയറക്ടറെ അന്യത്ര സേവന വ്യവസ്ഥയിൽ MGNREGS സംസ്ഥാനമിഷൻ ഓഫീസിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചെയർപേഴ്സൺ, കോട്ടയം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

മിഷൻ ഡയറക്ടർ , MGNREGS സംസ്ഥാന മിഷൻ ഓഫീസ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ ),തൃശ്ശൂർ

ശ്രീ.അനിൽകുമാർ.ബി, ഡെപ്യൂട്ടി ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ.അഭിലാഷ്.വി.പി, ഡെപ്യൂട്ടി ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ , കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 08-05-2026 15:27:13

സെക്ഷൻ ഓഫീസർ